MTTP–002

# मलयालम–हिंदी अनुवाद में स्नातकोत्तर सर्टिफिकेट कार्यक्रम
# (पी.जी.सी.एम.एच.टी.)

## अनुवाद परियोजना

(जनवरी 2020 और जुलाई 2020 सत्रों में
प्रवेश लेने वाले विद्यार्थियों के लिए)

अनुवाद अध्ययन और प्रशिक्षण विद्यापीठ
इंदिरा गांधी राष्ट्रीय मुक्त विश्वविद्यालय
मैदानगढ़ी, नई दिल्ली–110 068

# अनुवाद परियोजना
## (एम.टी.टी.पी.-002)

**(जनवरी 2020 और जुलाई 2020 सत्रों में प्रवेश लेने वाले विद्यार्थियों के लिए)**

**कार्यक्रम कोड : पी.जी.सी.एम.एच.टी.**

जैसा कि आपको बताया जा चुका है कि 'मलयालम–हिंदी अनुवाद में स्नातकोत्तर सर्टिफिकेट कार्यक्रम' (पी.जी. सी.एन.एच.टी.) को पूरा करने के लिए आपको चार–चार क्रेडिट के चार पाठ्यक्रम करने होंगे। इस स्नातकोत्तर सर्टिफिकेट कार्यक्रम का चौथा पाठ्यक्रम (एम.टी.टी.पी.–002) 'अनुवाद परियोजना' का है। इस परियोजना के अंतर्गत आपको दी गई सामग्री का अनुवाद करना है। अनुवाद के लिए सामग्री संलग्न है। इसका अनुवाद करके आपको मूल्यांकन के लिए प्रस्तुत करना है। ध्यान रहे कि यह 'अनुवाद परियोजना' एक स्वतंत्र पाठ्यक्रम के समकक्ष है। इसमें उत्तीर्ण होना आवश्यक है।

### परियोजना करने का तरीका

प्रस्तुत सामग्री को ध्यानपूर्वक पढ़ें। इससे आप समझ जाएँगे कि यह किस विषय से संबंधित है और इसमें प्रमुखतया क्या कहा गया है। इसके बाद आप इस सामग्री में से वे शब्द और मुहावरे आदि छाँटिए जिनका अर्थ अथवा जिनके हिंदी पर्याय आपको पता नहीं हैं। इन शब्दों को एक कागज़ पर नोट कर लीजिए। ध्यान दीजिए कि अनूद्य सामग्री के अनुवाद करते समय आपको कौन–कौन से कोश देखने की जरूरत है। विषय के अनुरूप समुचित कोशों में से उन शब्दों के पर्याय नोट कर लीजिए।

अब अनूद्य सामग्री को एक बार पुनः पढ़िए। गौर कीजिए कि अब की बार यह आपको ज्यादा अच्छी तरह समझ आती है कि नहीं। यदि कोई अंश समझ में न आ रहा हो तो उसे फिर से पढ़िए और पता लगाइए कि कठिनाई कहाँ है – शब्दों का अर्थ समझने में अथवा वाक्य–विन्यास को समझने में। यदि कोई वाक्य न समझ आ रहा हो तो उसे दूसरी बार, तीसरी बार पढ़िए।

इस सामग्री में प्रयुक्त संक्षिप्तियों पर ध्यान दीजिए। उनके पूर्ण रूप क्या हैं, जानने की कोशिश कीजिए। अधिकांश संक्षिप्तियों के पूर्ण रूप आपको इस सामग्री में ही मिल जाएँगे।

इस तरह अनूद्य सामग्री का अर्थ भली–भाँति समझ लेने के पश्चात उसका अनुवाद आरंभ कीजिए। अनुवाद करते समय भी शब्दकोश का भरपूर उपयोग कीजिए। जिन शब्दों के अर्थ आपको पता हैं उनके लिए भी शब्दकोश देखिए ताकि विषय और संदर्भ के अनुकूल पर्यायों का चयन कर सकें। वाक्य–विन्यास लक्ष्य भाषा (अर्थात् हिंदी/मलयालम) की प्रकृति के अनुसार कीजिए। यानी आपका बनाया वाक्य ऐसा लगे कि आप अनुवाद नहीं कर रहे बल्कि उस भाषा में मूल रूप में लिख रहे हैं। ऐसा तभी होगा जब आपकी वाक्य–रचना स्रोत में कही गई बात का अनुकरण न होकर लक्ष्य भाषा की कथन–शैली के अनुरूप और सहज होगी।

एक पैराग्राफ अथवा एक पृष्ठ का अनुवाद करने के बाद अपने अनुवाद को मूल सामग्री से मिलाइए और देखिए कि आपके अनुवाद का वही अर्थ निकल रहा है जो मूल कथन में कहा गया है। यदि अंतर दिखाई दे तो अपने अनुवाद में सुधार कीजिए। पूरी तरह आश्वस्त होने के बाद अनुवाद को आगे बढ़ाइए। अगले पैराग्राफ/पृष्ठ के अनुवाद के बाद फिर यही जाँच–प्रक्रिया दोहराइए और अनुवाद करते जाइए।

अनुवाद पूरा करने के पश्चात उसे एक बार फिर मूल सामग्री से मिलाइए और जाँच कीजिए कि आपका अनुवाद और मूल सामग्री समान अर्थ प्रकट करते हैं। यह भी जाँच कीजिए कि कहीं कोई पैराग्राफ, वाक्य अथवा वाक्यांश अनुवाद होने से छूट तो नहीं गया है। तत्पश्चात अनूदित सामग्री को साफ–साफ लिखकर हस्तलिखित रूप में लिखिए अथवा टंकण की व्यवस्था कीजिए।

## अनुवाद परियोजना की प्रस्तुति

- अनुवाद परियोजना फुलस्केप आकार के कागज पर पर्याप्त हाशिया छोड़ते हुए एक तरफ टंकित कराके और बाइंडिंग कराके प्रस्तुत करें।
- अनूदित परियोजना के आरंभिक पृष्ठ पर आपके इस कार्यक्रम का शीर्षक, पाठ्यक्रम कोड और शीर्षक, नामांकन संख्या, नाम, पता, अध्ययन केंद्र का कोड लिखा होना चाहिए और अंत में आपके हस्ताक्षर एवं प्रस्तुति की तिथि का उल्लेख होना चाहिए। इस तरह, आपकी 'अनुवाद परियोजना' का आरंभिक पृष्ठ इस प्रकार होगा :

---

| | |
|---|---|
| कार्यक्रम का शीर्षक : | मलयालम–हिंदी अनुवाद में स्नातकोत्तर सर्टिफिकेट (पी.जी.सी.एन.एच.टी.) |
| पाठ्यक्रम कोड : | एम.टी.टी.पी.–002 |
| पाठ्यक्रम का शीर्षक : | अनुवाद परियोजना |
| सत्रीय कार्य कोड : | ............................................................ |
| अध्ययन केंद्र का नाम: | ............................................................ |
| नामांकन संख्या : | ............................................................ |
| नाम : | ............................................................ |
| पता : | ............................................................ |
| | ............................................................ |
| हस्ताक्षर : | ............................................................ |
| तिथि : | ............................................................ |

---

- अनुवाद परियोजना के साथ एक **प्रमाण–पत्र भी लगाएँ** जिसमें आपके अपने हस्ताक्षर सहित यह प्रमाणित किया गया हो कि आपने यह अनुवाद–कार्य स्वयं किया है और इसके लिए किसी व्यक्ति की सहायता नहीं ली गई है।
- **अनुवाद परियोजना विश्वविद्यालय में निम्नलिखित पते पर व्यक्तिगत रूप से अथवा पंजीकृत डाक द्वारा भेजें :**

  कुलसचिव
  विद्यार्थी मूल्यांकन प्रभाग (SED)
  इंदिरा गांधी राष्ट्रीय मुक्त विश्वविद्यालय
  मैदान गढ़ी, नई दिल्ली–110068

### अनुवाद परियोजना प्रस्तुत करने की अंतिम तिथि

जनवरी 2020 में प्रवेश लेने वाले विद्यार्थियों के लिए : **31 मई, 2020**
जुलाई 2020 में प्रवेश लेने वाले विद्यार्थियों के लिए : **30 नवंबर, 2020**

अंतिम तिथि के बाद भेजी गई परियोजना का मूल्यांकन विलंब से होगा और आप इस अध्ययन कार्यक्रम को देर से पूरा कर सकेंगे।

**कृपया ध्यान दें :**

प्रस्तुत की गई अनुवाद परियोजना की एक प्रति (फोटोकॉपी) अपने पास अवश्य रख लें।

**शुभकामनाओं सहित।**

കഥനം

## 1. കൃഷിക്കാരൻ

ആ അമ്പതു പറ നിലം ദൂരെ വൈക്കത്തുള്ള ഒരാളിന്റെ വകയാണ്. കഴിഞ്ഞ നാൽപ്പതു കൊല്ലമായി കേശവൻ നായരാണ് അതു കൃഷിചെയ്തുപോരുന്നത്. അതിനുമുമ്പ് കേശവൻ നായരുടെ അമ്മാവനായിരുന്നു. കുറഞ്ഞ പാട്ടമായിരുന്നു പണ്ടു. ഇപ്പോൾ സ്വൽപ്പം കൂടിയിട്ടുണ്ട്. എല്ലാ മീനമാസത്തിലും പാട്ടനെല്ല് ഉണക്കി ചാക്കിൽക്കെട്ടി വൈക്കത്തു കൊണ്ടുപോയി കൊടുക്കണം. അങ്ങനെ ഈ കഴിഞ്ഞ കൊല്ലങ്ങളിലെല്ലാം നടന്നുവരുകയാണ്. അമ്പതിന്റെ നാലുവശത്തുമുള്ള നിങ്ങളുടെ ഉടമസ്ഥാവകാശവും കൈവശാവകാശവും ഈ കാലഘട്ടത്തിനിടയ്ക്ക് പലകൈ മറിഞ്ഞു. അമ്പതിന്റെ ജന്മിയും കൃഷിക്കാരനും പഴയ ആളുതന്നെ. ജന്മിക്കാണെങ്കിൽ നെല്ലുകിട്ടാനുള്ളതായി ഇതേയുള്ളൂ. പാട്ടക്കാരൻ പാരമ്പര്യമായി ഒരു കൃഷിക്കാരനാണ്. അയാൾക്കും ഇത്രയുമേയുള്ളൂ കൈവശഭൂമി.

എട്ടുപത്തു കൊല്ലം മുമ്പ്, ചങ്ങനാശ്ശേരിയിൽ നിന്നും തിരുവല്ലയിൽ നിന്നും വലിയ പണക്കാർ അവിടെ കൃഷിക്കു വന്നു. ഒരുപാടശേഖരമടച്ചും മറ്റും അവർ പാട്ടത്തിനേറ്റു കൃഷിചെയ്തു. ട്രാക്ടർ കൊണ്ടു താഴ്ത്തിയുഴുതും പുതിയ വളങ്ങളുപയോഗിച്ചും കൊണ്ടും നല്ല വിളവുണ്ടാക്കി. അവർക്കു പെരുത്ത ലാഭവുമുണ്ടായി. ഇപ്പോഴും അങ്ങനെതന്നെ കൃഷി നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഒരു വ്യവസായി കൃഷി ചെയ്യുന്ന പാടത്തിന്റെ നടുക്കാണ് കേശവൻ നായരുടെ അമ്പതു പറ നിലം.

ഔതക്കുട്ടിയെന്ന ആ വൻകൃഷിക്കാരൻ കേശവൻ നായരെ ഒരുദിവസം വരമ്പിൽവച്ചുകണ്ടു. നാലുപാടുമുള്ള നിലത്തിലെ നെല്ലിനെക്കാൾ മോശമാണ് അമ്പതിലെ നെല്ല്. ഔതക്കുട്ടി ഒരു കുശലം ചോദിച്ചു. എന്താ നെല്ലിന് ഒരുഎഴിപ്പും കരുത്തുമില്ലാത്തത്, വളമിട്ടില്ല്യോ?"

ആ ചോദ്യം കേശവൻനായരുടെ കരളിൽ തറച്ചുകൊണ്ടു. അയാളുടെ കൃഷി മോശമെന്ന് അയൽനിലം കൃഷിക്കാരൻ പറയുകയാണ്.

അനുവാദിക: ഗീതാകൃഷ്ണൻ

ഈ വർഷം കേന്ദ്രസാഹിത്യ അക്കാദമി ആദ്യമായി ഏർപ്പെടുത്തിയ ഇന്ത്യൻ ഭാഷാകൃതിയുടെ ഏറ്റവും മികച്ച ഇംഗ്ലീഷ് വിവർത്തനത്തിനുള്ള അവാർഡ് ലഭിച്ചിട്ടുള്ളത് ഡോ. ഗീതാകൃഷ്ണൻകുട്ടിക്കാണ്. എൻ.പി. മുഹമ്മദിന്റെ 'ദൈവത്തിന്റെ കണ്ണ്' എന്ന നോവലിന്റെ ഇംഗ്ലീഷ് പരിഭാഷയായ 'ദി ഐ ഓഫ് ഗോഡ്' എന്ന പുസ്തകത്തെ മുൻനിർത്തിയായിരുന്നു അത്.

ഇതിനു മുമ്പും മികച്ച വിവർത്തനത്തിനുള്ള അംഗീകാരം അവരെ തേടിയെത്തിയിട്ടുണ്ട്. ഭാരതീയ കഥാ-നോവൽ കൃതിയുടെ ഏറ്റവും നല്ല പരിഭാഷയ്ക്കായി 1999-ൽ ബോംബെ ആസ്ഥാനമായുള്ള 'ക്രോസ് വേഡ്' പുസ്തകശാലക്കാർ ആദ്യമായി തുടങ്ങിവച്ച പ്രശസ്തമായ അവാർഡിനർഹമായത് അവരുടെ വിവർത്തനമായ 'ഓൺ ദി ബാങ്ക്സ് ഓഫ് മയ്യഴി' എന്ന കൃതിയായിരുന്നു. മൂലകൃതിയുടെ കർത്താവെന്ന നിലയിൽ എം. മുകുന്ദനും മികച്ച വിവർത്തകയെന്ന നിലയിൽ ഡോ. ഗീതാ കൃഷ്ണൻകുട്ടിക്കുമാണ് 'ക്രോസ് വേഡി'ന്റെ സമ്മാനം ലഭിച്ചത്.

"വിവർത്തനം ചെയ്തു തുടങ്ങിയത് വാസ്തവത്തിൽ വെറുമൊരു രസത്തിനു വേണ്ടിയായിരുന്നു..." ഡോ. ഗീതാ കൃഷ്ണൻകുട്ടിയുടെ വാക്കുകളിൽ വിനയമായിരുന്നു. അവരുടെ പരിഭാഷകളേതായാലും ലോകമെമ്പാടുമുള്ള വായനക്കാർക്ക് രസം പകരുന്നുവെന്നതിൽ സംശയമില്ല. 'വൈകിയാണ് ഈ രംഗത്തെത്തുന്നതും. മലയാളം വിസ്തരിച്ച് പഠിച്ചതുതന്നെ വിവാഹശേഷമാണ്' അവരോർക്കുന്നു.

### വീട്ടുകാര്യങ്ങൾക്കിടയിൽ

സ്ഥിരോത്സാഹത്തിന്റെ ഉദാഹരണം കൂടിയാണവരുടെ വിജയം. ഡിഗ്രി നേടുന്നതിനും മുമ്പ് വിവാഹം. ഭർത്താവിൻ സമയ വിട്ടതായി കഴിയുമ്പോഴും പഠിക്കാനുള്ള അവസരത്തിനായുള്ള കാത്തിരിപ്പ്. മക്കളൊന്ന് മുതിർന്നതും വീണ്ടും പുസ്തകലോകത്തേക്കുള്ള തിരിച്ചുവരവ്.

പിന്നീട് വീട്ടുകാര്യങ്ങൾക്കിടയിൽ പഠിച്ചു നേടിയത് ഇംഗ്ലീഷിൽ ഡോക്ടറേറ്റ്, ഫ്രഞ്ചുഭാഷയിൽ ഡിപ്ലോമ...

വീണ്ടും, തിരക്കുകൾക്കിടയിൽ എഴുത്ത്... എഴുത്തിലൂടെ ഏറ്റെടുത്ത പരിഭാഷാദൗത്യം... അതു, സേവനം പൂർത്തിയാകുന്നതോടെ മൂലകർത്താവിനു കിട്ടുന്ന പരിഗണനയുടെ, പ്രശസ്തിയുടെ നൂറിലൊരംശം പോലും പ്രതീക്ഷിക്കേണ്ടതില്ലാത്ത ഒരു കർമ്മമണ്ഡ...

മലയാള ഭാഷ - സാഹിത്യം

## മലയാളസാഹിത്യം

ക്രിസ്തുവർഷാരംഭത്തിനു മുമ്പുതന്നെ മലയാളത്തിന് സ്വന്തമായ ഒരു നിലനില്പുണ്ടായിരുന്നു. എങ്കിലും അക്കാലത്ത് അതു വെറുമൊരു സംസാരഭാഷ മാത്രമായിരുന്നു. സാഹിത്യഭാഷയെന്ന നിലയിൽ മലയാളം വ്യക്തിത്വം നേടുന്നത് ഒൻപതാം ശതകത്തിനുശേഷമാണ്. ആദ്യം ചെന്തമിഴും പിന്നീട് സംസ്കൃതവുമായിരുന്നു കേരളത്തിലെ സാഹിത്യഭാഷകൾ. ആ രണ്ടുഭാഷയും കൈകാര്യം ചെയ്തിരുന്നത് സമുദായത്തിന്റെ മേലേക്കിടയിലുള്ള ആളുകൾ ആയിരുന്നു. സാധാരണ ജനത അന്നും മലയാളം സംസാരിക്കുകയും ആ ഭാഷയിലെ നാടൻ പാട്ടുകളും മറ്റും രചിക്കുകയും ചെയ്തിരുന്നു. വിനോദഗാനങ്ങൾ ഈശ്വരസ്തോത്രങ്ങൾ, ഉത്സവഗാനങ്ങൾ, പഴഞ്ചൊല്ലുകൾ, കൊയ്ത്തുപാട്ടുകൾ എന്നിങ്ങനെ വിവിധ ശാഖകളിൽപെട്ട കൃതികൾ അവർ രചിച്ചിരുന്നു. അവയൊന്നും എഴുതിസൂക്ഷിച്ചിരുന്നില്ല. തലമുറതലമുറകളായി അവ കൈമാറിപ്പോന്നപ്പോൾ അതതു കാലത്തിനനുസരിച്ച് അതിൽ മാറ്റങ്ങൾ വന്നു. കൃഷി, യുദ്ധം, പ്രേമം എന്നിവയോടു ബന്ധപ്പെട്ടതായിരിക്കണം ആദ്യകാലത്തെ പാട്ടുകൾ. മതപരമായ കൃതികൾ അതേ തുടർന്നുണ്ടായി. കേരളത്തിൽ ശൈവമതത്തിനു പ്രാബല്യമുണ്ടായിരുന്ന അഞ്ചും ആറും ഏഴും നൂറ്റാണ്ടുകളിൽ ശിവനെ സംബന്ധിക്കുന്ന പാട്ടുകൾ പ്രചാരത്തിൽ വന്നു. അതിനുശേഷമാണ് ഇവിടെ വൈഷ്ണവമതം പ്രചാരത്തിൽ വന്നത്. അക്കാലത്ത് വൈഷ്ണവഗാനങ്ങളും രചിക്കപ്പെട്ടു.

### വടക്കൻപാട്ടുകളും തെക്കൻപാട്ടുകളും

നാടോടി ഗാനങ്ങളുടെ ശൈലിയെ പിന്തുടർന്നു മലയാളത്തിൽ ഉണ്ടായതാണ് വടക്കൻപാട്ടുകളും തെക്കൻപാട്ടുകളും. ക്രിസ്ത്വബ്ദം പത്താം നൂറ്റാണ്ടുമുതൽ പതിനെട്ടാംനൂറ്റാണ്ടുവരെ ഉണ്ടായ പാട്ടുകൾ ഈ രണ്ടു വിഭാഗത്തിൽ ഉണ്ട്. വീരാപദാനപരമായ ഗാനങ്ങളാണ് ഇവയിൽ അധികവും. വടക്കൻപാട്ടുകൾ ഇതിൽ പ്രാധാന്യം അർഹിക്കുന്നു.

കൃഷി [illegible] മീമാംസ

കൃഷി വിഭവങ്ങൾ മെതിച്ചൊരുക്കാനും കൊയ്തെടുക്കുന്ന നെൽക്കറ്റകൾ ശേഖരിച്ചു മെതിക്കാനും വയൽക്കരയിൽ ഒരുക്കിയിരുന്ന 'തറ'യാണ് കളം. അവിടെ മെതിക്കുന്ന 'പുര'യെ 'കളപ്പുര' എന്നു വിളിച്ചു. കൊയ്ത്തുത്സവകാലത്ത് കാർഷിക ദേവതയെ സ്തുതിച്ച് കളങ്ങളിൽ വച്ചു പാടിയ പാട്ടുകളായിരുന്നു 'കളം പാട്ടുകൾ'. കളത്തിൽ ധൂളികൾകൊണ്ട് ദേവതാരൂപം വരയ്ക്കുന്നതാണ് 'കളമെഴുത്തുകൾ'. ദ്രാവിഡഭാഷയിൽ 'കള'ത്തിന് [illegible] സ്ഥലം എന്നും അർത്ഥമുണ്ട്. 'കള'ത്തിനു പകരം നിൽക്കുന്ന സംസ്കൃതപദമാണ് 'ക്ഷേത്രം'. 'ധാന്യങ്ങൾ ഇതിൽ വസിക്കുന്നു' എന്നാണ് ക്ഷേത്രപദത്തിന്റെ നിരുക്താർത്ഥം. സ്ത്രീയുടെ ശരീരമെന്നും ഇതിന് അർത്ഥമുണ്ട്. പ്രാചീനകാലത്ത് മിക്ക ക്ഷേത്രങ്ങളും കാർഷികവിളവുകൾക്കരികിലോ വയൽക്കരയിലോ ആണ് പണിതിരുന്നത്. സ്ത്രീയുടെ ജനനേന്ദ്രിയത്തിന്റെ ഘടനയിലും സങ്കല്പത്തിലുമാണ് ക്ഷേത്രനിർമ്മിതി. ഇടനാഴി യോനിനാളവും ഉൾഭാഗം ഗർഭഗൃഹവുമാണ്. ഗർഭഗൃഹത്തിനുള്ളിൽ [illegible] പ്രതിഷ്ഠ സ്ഥിതിചെയ്യുന്നു. കാർഷികോത്സവങ്ങളിലെ [illegible] ഗാനങ്ങളുടെയും ശക്തമായ സ്വാധീനമാണ് ദേവദാസിസമ്പ്രദായവും [illegible].

സൗന്ദര്യബോധം അധ്വാനത്തെയും സംസ്കാരത്തെയുമാണ് എന്നൊക്കെ പറയുമ്പോൾ, ശുദ്ധസൗന്ദര്യപക്ഷപാതികൾ നെറ്റിചുളിക്കും. സൗന്ദര്യബോധത്തെ കേവലമായ 'ആനന്ദമായി' കാണുന്നതു കൊണ്ടുള്ള തെറ്റിദ്ധാരണയാണ്. സംസ്കാരമാണ് സൗന്ദര്യം എന്നോ സൗന്ദര്യബോധമാണ് സംസ്കാരമെന്നോ പറയാം.

नलचरित्र की कथा

## നളചരിതം-കഥ

നിഷധരാജാവായ നളനും വിദർഭരാജകുമാരിയായ ദമയന്തിയും കേട്ടുകേൾവികളിലൂടെ പരസ്പരം അറിയുകയും അനുരാഗബദ്ധരാവുകയും ചെയ്യുന്നു. ഇവരുടെ അന്തർഹിതങ്ങളെ ബന്ധിപ്പിക്കുന്നതിൽ നിർണായകമായ പങ്കുവഹിച്ചത്. തിര്യക്കായ ഹംസമാണ്. നാരദനും ഹംസവും കഥാഗതിയെ നന്നായി സ്വാധീനിക്കുന്നുണ്ട്. നളനോട് ദമയന്തിമാഹാത്മ്യം വെളിപ്പെടുത്തിയ നാരദൻതന്നെ ദേവേന്ദ്രനെയും പ്രലോഭിപ്പിക്കുന്നു. ഹംസത്തിന്റെ ദൗത്യനിയോഗം സോദ്ദേശ്യമായിരുന്നോ എന്നറിയാൻ തരമില്ല. നാരദമൊഴികൾ കേട്ടുണ്ടായ പ്രേമപാരവശ്യത്താൽ അലസനായി ഉദ്യാനത്തിലിരുന്നനളന്റെ മുന്നിൽ എത്തിയഹംസം തന്നെ ബന്ധനമുക്തനാക്കിയതിന്റെ പ്രത്യുപകാരം എന്ന നിലയിലാണ് ദൂതുമായി ദമയന്തിയുടെ അടുത്തേക്ക് ചെല്ലുന്നത്. അതിനകംതന്നെ ദമയന്തിയും നളനിൽ അനുരക്തയായിക്കഴിഞ്ഞിരുന്നു. ദമയന്തിയുടെ ഹൃദയരഹസ്യങ്ങൾ മനസ്സിലാക്കിയ ഹംസം ആ പ്രണയം സഫലമാകുന്നതിന് പരിശ്രമിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു

ഭീമരാജാവ് ദമയന്തിയുടെ സ്വയംവരം നിശ്ചയിച്ചു. അനവധി രാജാക്കന്മാർ ഭൈമീകാമുകരായി വിദർഭരാജ്യത്തേക്ക് പുറപ്പെട്ടു. ഇന്ദ്രാദി ദേവന്മാരും ഭൈമീലബ്ധിക്കുള്ള പരിശ്രമം ആരംഭിച്ചു അവർ അഭിലാഷസിദ്ധിക്ക് സമീപിച്ചത് നളനെയാണ്. ഇന്ദ്രൻ, യമൻ, വരുണൻ, അഗ്നി എന്നിവരുടെ ദൂതനായി അദ്ദേഹം ദമയന്തിയുടെ അടുത്തെത്തി. ഇവരിൽ ഒരാളെ ദമയന്തി സ്വീകരിക്കണമത്രെ. തെല്ലു മനസ്സാക്ഷിക്കുത്തോടെയാണെങ്കിലും നളൻ തന്റെ ചുമതല നിറവേറ്റി. ദമയന്തിയാകട്ടെ പ്രലോഭനങ്ങൾക്കൊന്നും വഴങ്ങാതെ അനുരാഗത്തിൽ ഉറച്ചുനിൽക്കുകയാണ് ചെയ്തത്.

സ്വയംവരപന്തലിലെത്തിയ ദമയന്തി അന്ധാളിച്ചുപോയി. തന്റെ പ്രണയപാത്രത്തിന്റെ രൂപത്തിൽ അഞ്ചുപേർ ഉപവിഷ്ടരായിരിക്കുന്നു. അഭിലാഷത്തിന്റെ തീവ്രതകൊണ്ടും ആത്മാർത്ഥമായ പ്രാർത്ഥനകൊണ്ടും അവൾ പ്രതിസന്ധി അതിജീവിച്ചു. ദേവന്മാർ മായപ്രയോഗം അവസാനിപ്പിച്ച് കാമുകീകാമുകന്മാരെ അനുഗ്രഹിച്ച് മടങ്ങി.

पत्रकार का धर्म

## പത്രധർമം

പത്രാധിപർ തുടങ്ങി വൃത്താന്തലേഖകൻ വരെയുള്ള പല ഇനം പത്രക്കാരൊക്കെയും ഒരേ പ്രകാരത്തിൽ അനുഷ്ഠിക്കേണ്ട ചില സദാചാരതത്ത്വങ്ങളുണ്ട്. ഇവയിൽ ഒന്ന് അന്യന്മാരോട് ന്യായബുദ്ധിയായിരിക്കണമെന്നുള്ളതാകുന്നു. ഒരു ലേഖനത്തിൽ ആരെപ്പറ്റി പറയുന്നുവോ ആ ആളെ നിഷ്കാരണമായി വേദനപ്പെടുത്താൻ യത്നിക്കരുത്. ആ ആൾ ദുഷ്ടതപ്രവർത്തിച്ചിരുന്നാൽ അതു പറയാം വിരോധമില്ല. അയാൾ ദുഷ്ടത പ്രവർത്തിച്ചിട്ടില്ലെന്നിരുന്നാൽ അയാളുടെ മേൽ വൃഥാ ദോഷാരോപം ചെയ്യരുത്. വിശേഷിച്ചും കക്ഷിവഴക്കുള്ള സന്ദർഭങ്ങളിൽ ഒരുവനെ അന്യായമായി നിന്ദിക്കുകയോ മറ്റൊരുവനെ അനർഹമായി സ്തുതിക്കുകയോ ചെയ്യുന്നത് സത്യത്തിനും നീതിക്കും വിപരീതമാണ്. ചിലപ്പോൾ പത്രക്കാർ ശത്രുക്കളുടെ ദ്വേഷത്തിൽ കുടുങ്ങാനിടയാകും. എന്നാൽ താൻ പറയുന്നത് സത്യത്തിന് അനുസരണമായിരുന്നാൽ അതുനിമിത്തം ഉണ്ടാകുന്ന, ശത്രുക്കളെ ഗണ്യമാക്കേണ്ടതില്ല. സദാചാരകാര്യമായ മറ്റൊന്ന് എപ്പോഴും ബുദ്ധിസ്ഥൈര്യത്തോടു കൂടിയിരിക്കുകയാകുന്നു. ഇതിന്റെ അർഥം, ബുദ്ധിക്ക് വിപ്ലവം ഉണ്ടാകുന്നതായ യാതൊന്നും സേവിക്കരുതെന്നാണ്. പത്രക്കാരന്റെ പണി വളരെ ക്ലേശമാണെന്നിരിക്കയാൽ ക്ലേശങ്ങൾ അറിയാതെയിരിക്കുന്നതിന് വേണ്ടി ലഹരിപേയങ്ങൾ സേവിക്കുന്നത് നല്ലതാണെന്ന് ചിലർ കരുതാറുണ്ട്. മദ്യസേവകൊണ്ട് ബുദ്ധിക്ക് ക്ഷയം തട്ടുന്നതും ഗുണാഗുണ നിർണയംചെയ്യാൻ സാധ്യമല്ലാതെയാകുന്നതുമാണ്. പത്രക്കാരൻ ഏകാഗ്രചിത്തനായിരുന്നു തന്റെ പ്രവൃത്തിയെ ഒരു ന്യായാധിപനെപ്പോലെ നടത്തേണ്ടവനാകയാൽ, ന്യായാന്യായ വിചാരണ ശക്തിയെശിഥിലമാക്കുന്ന ദുശ്ശീലങ്ങൾക്കു വഴിപ്പെട്ടുകൂടാത്തതാകുന്നു. ഇവയ്ക്കെല്ലാറ്റിനും മീതെനിൽക്കുന്ന ഒരു സദാചാര കാര്യമാണ് കൈക്കൂലിയെ സംബന്ധിച്ചുള്ളത്. തന്റെ ദൂഷ്യങ്ങളെ മറയ്ക്കുവാനോ, എതിരാളിയെ മറിക്കുവാനോ തനിക്കില്ലാത്തതായ ഗുണങ്ങളെ ഉള്ളതാക്കി സ്തുതിപ്പാനോ അന്യന്റെ മേൽ ദോഷം ആരോപിക്കാനോ, പത്രക്കാരന് കൈക്കൂലി കൊടുത്താൽ സാധ്യമാകും എന്നു വിചാരിക്കുന്നവർ ഉണ്ട്. ഇങ്ങനെ വിചാരിക്കുവാൻ പത്രക്കാർ സംഗതിയുണ്ടാക്കാറുണ്ട്.

## ലീന കോർണർ

**ജ്ഞാനപ്പാന**

സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ച്
നാണം കെട്ടു നടക്കുന്നിതു ചിലർ

കോലകങ്ങളിൽ സേവകരായിട്ടു
കോലം കെട്ടി ഞെളിയുന്നിതു ചിലർ

അമ്മയ്ക്കും പുനരച്ഛനും ഭാര്യക്കും
ഉണ്ണാൻപോലും കൊടുക്കുന്നില്ല ചിലർ

വിദ്യകണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ

കുങ്കുമത്തിന്റെ വാസമറിയാതെ
കുങ്കുമം ചുമക്കും പോലെ ഗർദഭം

*പൂന്താനം*

**സൂര്യകാന്തി**

സ്നേഹത്തിൽ നിന്നില്ലല്ലോ മറ്റൊന്നും ലഭിച്ചിടാൻ
സ്നേഹത്തിൻ ഫലം സ്നേഹം. ജ്ഞാനത്തിഫലം ജ്ഞാനം
സ്നേഹമേ പരം സൗഖ്യം, സ്നേഹഭംഗമേ ദുഃഖം
സ്നേഹം മേ ദിക്കാലവർത്തിയായ് ജ്വലിച്ചാവൂ
ദേഹമിന്നതിൻ ചൂടിൽ ദഹിച്ചാൽ ദഹിക്കട്ടെ
മോഹനപ്രകാശമെന്നാത്മാവു ചുംബിച്ചല്ലോ.

*ജി. ശങ്കരക്കുറുപ്പ്*

**ഗാന്ധിയും കവിതയും**

(ഗാന്ധിജി കവിതയോട് ചോദിച്ചു)

'എപ്പോഴെങ്കിലും നൂൽ നൂറ്റിട്ടുണ്ടോ?
തോട്ടിയുടെ വണ്ടിവലിച്ചിട്ടുണ്ടോ?
വെളുപ്പിലെയണീറ്റ് അടുക്കളയിലെ
പുകയേറ്റിട്ടുണ്ടോ?
എപ്പോഴെങ്കിലും പട്ടിണി കിടന്നിട്ടുണ്ടോ?'

കവിത പറഞ്ഞു :

'ജനിച്ചത് കാട്ടിലായിരുന്നു
ഒരു നായാടിയുടെ വായിൽ
വളർന്നത് മുക്കുവത്തിയുടെ കുടിലിലും
എങ്കിലും പാട്ടല്ലാതെ ഒരു തൊഴിലുമറിയില്ല.
കുറെക്കാലം പാട്ടുപാടി
കൊട്ടാരങ്ങളിൽ കഴിഞ്ഞു.
ഇപ്പോൾ തെരുവിലാണ്, അരവയറിൽ.

*സച്ചിദാനന്ദൻ*

## ഉപഭോക്താ കോർണർ

**ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രസക്തി:**

ഉപഭോക്തൃസംരക്ഷണത്തിനു പല നിയമങ്ങളും ഉണ്ടെങ്കിലും, ഏട്ടിലെ പശു പുല്ലു തിന്നുകയില്ലല്ലോ. ഈ നിയമങ്ങളുടെ നിഷേധാത്മകമായ സമീപനമാണ് പലപ്പോഴും ഉദ്ദേശലക്ഷ്യത്തിൽ എത്തിക്കുന്നതിൽ പരാജയപ്പെടാൻ കാരണം. ആരോഗ്യ രംഗത്തുള്ള നിയമങ്ങളുടെ കഥയും വ്യത്യസ്തമല്ല. ശിക്ഷിക്കപ്പെടാൻ സാധ്യതയുള്ളതുകൊണ്ടുമാത്രം കുറ്റങ്ങൾ ഇല്ലാതാകുന്നില്ല. അതുമാത്രമല്ല നിയമം നടപ്പാക്കുന്നകാര്യങ്ങളിൽ വ്യാപാരികൾ മാത്രമല്ല, പൊതുജനങ്ങളും പലപ്പോഴും നിയമപാലകരെ ഒരുതരം ശല്യക്കാരായിട്ടാണ് കാണുന്നത്. ഈ നിലപാടു മാറ്റി ബോധവൽക്കരണം വഴി പൊതുജനങ്ങളെ അവരുടെ ചുമതലാബോധവും സാമൂഹ്യബോധവും ഉള്ളവരാക്കി തീർക്കുക എന്നതാണ് പ്രഥമ കർത്തവ്യം. അതിനാലാണ് ഉപഭോക്തൃ സംരക്ഷണസമിതി ബോധവൽക്കരണ പരിപാടികൾക്ക് മുൻതൂക്കം നൽകി പ്രവർത്തനം നടത്തുന്നത്. വീട്ടമ്മമാർക്ക് സമഗ്രമായ പരിശീലനപരിപാടികൾ സംസ്ഥാനത്തു പല സ്ഥലങ്ങളിലുമായി നടത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ സമിതിയിലെ അംഗങ്ങൾക്കും പ്രവർത്തകർക്കും നിയമപരവും സാങ്കേതികവുമായ കാര്യങ്ങൾകൂടി ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികളും സംസ്ഥാനത്തു വിവിധ ജില്ലകളിലും പല കേന്ദ്രങ്ങളിലായി നടത്തിവരുന്നുണ്ട്. ഇവയ്ക്കെല്ലാമുപരി പല കേന്ദ്രങ്ങളിലുമായി ഉപഭോക്തൃസംഗമ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നുണ്ട്. ഈ സംഗമ പരിപാടികൾ ഉപഭോക്താക്കളേയും നിയമം അല്ലെങ്കിൽ പ്രവർത്തനം നടപ്പാക്കുന്നതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരെയും ഒരേ വേദിയിൽ എത്തിച്ചു പരാതികളേയും പരിഹാരമാർഗങ്ങളേയുംപറ്റി ചർച്ച ചെയ്തു നടപടിക്രമങ്ങൾ രൂപീകരിക്കാൻ സൗകര്യം ഉണ്ടാകാറുണ്ട്. ഈവിധമുള്ള പരിശീലന പരിപാടികളിലും, ബോധവൽക്കരണ പരിപാടികളിലും, സംഗമപരിപാടികളിലും മറ്റു വകുപ്പുകളിലേതെന്നപോലെ അളവു തൂക്ക വകുപ്പിലെ ഉദ്യോഗസ്ഥന്മാരായ നിങ്ങളിൽ പലരും സഹകരിക്കുന്നുമുണ്ടല്ലോ. ഇവയെല്ലാം ഉപഭോക്തൃസംരക്ഷണം ഉറപ്പാക്കാനുള്ള നടപടികളാണ്. വ്യാപാരികളെ സംബന്ധിച്ച് ബോധവൽക്കരണത്തിന് അവരുടെ സംഘടനകൾ തന്നെ മുൻകൈ എടുക്കേണ്ടതും, സാമൂഹ്യബോധവും സത്യസന്ധതയും കാണിക്കാത്തവരെ ഒറ്റപ്പെടുത്തേണ്ടതും അവരുടെ തന്നെ കടമയും ആരോഗ്യകരമായ വ്യാപാര വളർച്ചയ്ക്ക് അത്യന്താപേക്ഷിതവുമാണ്. ചെറിയ വ്യാപാരികൾക്ക് പലപ്പോഴും നിയമനടത്തിപ്പ് ഉദ്യോഗസ്ഥന്മാരിൽ നിന്നും പല പ്രയാസങ്ങളും ഉണ്ടാകുന്നതായി പരാതികൾ ഉണ്ടാകാറുണ്ട്. അതു കർശനമായി ഒഴിവാക്കണം. കുറെ കുറ്റക്കാരെ കണ്ടുപിടിച്ച് ശിക്ഷിക്കുന്നതല്ല നിയമത്തിന്റെ ഉദ്ദേശ്യം. നിയമപ്രകാരം പ്രവർത്തിക്കുന്നതിനു

ദാമോദരൻ : ഒരു ചിത്രകാരൻ

വാക്കുകളുടെയോ അവ സൃഷ്ടിക്കുന്ന അർത്ഥങ്ങളുടെയോ ആവശ്യം ഇല്ലാതെ നിലനിൽക്കുന്ന ഒന്നാണ് ചിത്രങ്ങൾ എന്നു വിശ്വസിക്കുന്നു കെ. ദാമോദരൻ. അങ്ങനെയുള്ള ഒരു ചിത്രകാരന്റെ രചനകളെ വാക്കുകളിലൂടെ പരിചയപ്പെടുത്തുകയെന്നത് വല്ലാത്ത വൈരുദ്ധ്യമാവും. എതിലും ഉത്സവംപോലെ സംവേദ്യമാണ്. ദൈവത്തെ അന്വേഷിച്ചപ്പോൾ പൂത്തുലഞ്ഞ മരംപോലെ ഈ ചിത്രങ്ങൾ മനസ്സിലുലയവേ, ഈ വാക്കുകൾ എന്തിനെ കുറിക്കും? ഒരു വഴി? ദൈവത്തെ 'ഒഴിവാ'യാണ് അറിയുന്നതെങ്കിൽ ആ ഒഴിവിലേക്ക് ഇതു നയിച്ചേക്കാം. ആ 'ഒഴിവി'നെ 'നിർവാ'യ് അറിയുകയും ആ അനുഭവതീവ്രതയിലൂടെ ചിത്രങ്ങളെന്ന ജീവരൂപികളെ സൃഷ്ടിക്കുകയും ചെയ്യുന്നു ദാമോദരനെന്ന ഈ ചിത്രകാരൻ.

1956-ൽ സാമ്പത്തികശാസ്ത്രത്തിൽ ബിരുദമെടുത്ത ഒരു യുവാവ് ജീവിതത്തിലെ തന്റെ കർമ്മം ചിത്രംവരയ്ക്കലാണെന്നു സ്വയം കണ്ടെത്തുന്നു. നാലു ദശകങ്ങളേറെക്കഴിഞ്ഞിട്ടും ആ കണ്ടെത്തലിന്റെ ദൃഢതയും വ്യക്തതയും ഉലയാതെ, പൊടിയേല്ക്കാതെ സൂക്ഷിക്കുകയും ചെയ്യുന്നു. കെ. ദാമോദരന്റെ കലയുടെ പ്രധാന സ്വഭാവം ഈ ദൃഢതയും വ്യക്തതയും തന്നെയാണ്. വീട്ടുകാരുടെ എതിർപ്പ് വകവയ്ക്കാതെ നല്ലൊരു ജോലി രാജിവച്ച്, കെ.സി.എസ്. പണിക്കരുടെ ശിഷ്യനായി ചിത്രകല പഠിക്കാൻ 1962-ൽ ചേരുമ്പോൾ മദ്രാസ് കോളേജ് ഓഫ് ആർട്സ്, അതിന്റെ ഏറ്റവും പ്രകാശമേറിയ കാലത്തിലൂടെ കടന്നുപോവുകയായിരുന്നു. വിശ്വനാഥൻ (പാരീസ്), ഹരിദാസ്, എസ്.ജി. വാസുദേവ്, കാനായി കുഞ്ഞിരാമൻ, നമ്പൂതിരി, ജയപാലപ്പണിക്കർ തുടങ്ങിയവർ ദാമോദരന്റെ സഹപാഠികളായി അന്ന് അവിടെയുണ്ടായിരുന്നു. കറൽ മാർക്സിന്റെ സിദ്ധാന്തങ്ങളിൽ വല്ലാതെ മുഗ്ദ്ധനായിരുന്ന ഈ ചെറുപ്പക്കാരൻ കെ.സി.എസ്സിന്റെ ശിഷ്യരിൽ ഒരു റബൽ ആയിരുന്നു.

സുരേഷ് ബാബു

## നരവംശ ശാസ്ത്രം

ഹിമാലയത്തിൽ നിന്നിറങ്ങിയാൽ ശാഖോപശാഖകളോടു കൂടിയ നദികളും, അവ പർവ്വതശിഖരങ്ങളിൽ നിന്നു വാരിവലിച്ചെത്തിച്ച കല്ലും മണ്ണും കൊണ്ടു തൂർന്നു നിരപ്പായിത്തീർന്ന വളക്കൂറേറിയ ഭൂഭാഗങ്ങളുമാണ്. അവിടങ്ങളിൽ വച്ചു ക്രിസ്താബ്ദാൽ പൂർവവും പരവുമായി ആര്യ ദ്രാവിഡർ തമ്മിൽ നടന്ന മഹാസമരങ്ങളുടെ ഝണത്ഝണ നാദം, രാമായണവും മഹാഭാരതവും ഇന്ത്യൻ സംസ്കാരത്തിന്റെ ചെപ്പേടുകളെന്ന നിലയ്ക്കു പരിശോധിച്ചിട്ടുള്ളവരുടെ ചെവികളിൽ ഇന്നും പ്രതിധ്വനിക്കാൻ പാടുണ്ട്. ഗംഗാതീരത്തിൽ നിന്നു കിഴക്കോട്ടു നീങ്ങി ബംഗാളിലേക്കു കടന്നാൽ കാണുന്നവർ ഒരു വക. ഗംഗയ്ക്കരികത്തായാൽ ആളുകൾക്കു ബ്രാഹ്മണ്യം കൂടി. അവിടെനിന്നു സൈന്ധവ ദേശത്തോളം ചെന്നാൽ മിശ്രമേ മിശ്രം. അവിടെ കാണുന്ന വെങ്കലക്കൂട്ടുകളിൽ എന്തൊക്കെ ചേർന്നിട്ടുണ്ടോ ആവോ ? എങ്ങനെയായാലും ക്ഷത്രിയ വൈശ്യ ധർമ്മങ്ങൾക്കാണ് ആ ഭാഗങ്ങളിൽ പ്രാധാന്യം.

ആര്യന്മാർക്കും മുമ്പ് ഉത്തരഭാരതത്തിൽ സംസ്കാരസമ്പന്നരായൊരു വർഗക്കാരുണ്ടായിരുന്നുവെന്നും അവർ ദ്രാവിഡരായിരുന്നുവെന്നും ഇപ്പോൾ വിദ്വത്സമ്മതമായിട്ടുണ്ടല്ലോ. സംസ്കാര വികാസ വിഷയകമായി ഉപര്യുപരി ഗവേഷണങ്ങൾ നടത്തിയ ചില പണ്ഡിതവര്യന്മാരുടെ അഭിപ്രായത്തിൽ ആ ദ്രാവിഡർ - മേൽപ്പറഞ്ഞ നദികളുടെ തീരങ്ങളിലൊക്കെ നഗരങ്ങൾ കെട്ടി രാഷ്ട്രങ്ങൾ സ്ഥാപിച്ച ദ്രാവിഡർ - രണ്ടു മഹാഗണങ്ങൾ സമ്മേളിച്ചുണ്ടായവരാണ് - മരുമക്കത്തായികളും മക്കത്തായികളും. മരുമക്കത്തായികൾ ഗംഗയ്ക്കു കിഴക്കായിരുന്നുവത്രേ ആദ്യം. പിന്നീടവർ പടിഞ്ഞാറൻ ഭാഗങ്ങളിലേക്കു നീങ്ങി മക്കത്തായികളുമായി കൂടി. ആ ഒഴുക്കിൽ ദ്രാവിഡർ കലർപ്പിനിടയാകാതെ കടൽത്തീരങ്ങളിലൂടെ തെക്കോട്ടു കടന്നിരിക്കാമെന്നൊരു മതമുണ്ട്. ആ സ്ഥിതിക്ക് ബംഗാളികളും മലയാളികളും തമ്മിൽ കൂടുതൽ സാരൂപ്യം ഉണ്ടാകാൻ പാടില്ലേ? ബംഗാൾ ദ്രാവിഡർ മക്കത്തായികളായ ആര്യന്മാരുമായി ഇണങ്ങി മേൽക്കുമേൽ പരിഷ്കാരം പ്രാപിച്ചു കഴിഞ്ഞു. മലയാളികൾ മരുമക്കത്തായികൾ പരിഷ്കാരത്തിന്റെ മറുതല കണ്ടിട്ടും തായ് വഴി വിട്ടു തന്തവഴി പിടിച്ചു കഴിഞ്ഞിട്ടില്ല.

तोप्पिल मुहम्मद मीरान

മാതൃഭാഷ തമിഴായിരുന്നെങ്കിലും ഞാൻ പഠിച്ചത് മലയാളമായിരുന്നു. അന്ന് കന്യാകുമാരി ജില്ല കേരളത്തിലായിരുന്നുവല്ലോ. ഞാൻ മലയാളത്തിലാണ് എഴുതി. പലതും പലർ. ചിലത് അക്കാലത്ത് ലഭിക്കാതെ തമിഴ്ഭാഷയിലൂടെ പുരോഗമനപക്ഷത്തിൽ പുറത്തിറങ്ങിയിരുന്ന 'വിട്ടക' എന്ന പ്രസിദ്ധീകരണത്തിൽവന്നു. ആദ്യം പ്രസിദ്ധീകരിച്ചത്, 'ഉമ്മ' എന്ന കഥയാണ്. ഒരു ഉമ്മയും മകനും ചന്തക്കൂടത്തിന് പോകുന്നതും, അവരുടെ കഷ്ടപ്പാടുകൾ നിറഞ്ഞ ജീവിതവുമാണ് അതിൽ ചിത്രീകരിച്ചിരുന്നത്. എന്തുകൊണ്ടോ ഞാനിതേവരെ പ്രണയകഥകൾ എഴുതിയിട്ടില്ല. എഴുതാൻ ശ്രമിച്ചിട്ടുമില്ല.

വാസ്തവത്തിൽ എന്റെ ആദ്യകൃതി മലയാളത്തിലായിരുന്നു. [illegible] എന്ന നോവൽ. 1971-ൽ തൃശൂരിലെ ഒരു ബുക്സ്റ്റാൾ അത് പ്രസിദ്ധീകരിച്ചു. അതിനെപ്പറ്റി പിന്നെ ഞാനന്വേഷിച്ചിട്ടില്ല. ഞാൻ തമിഴ് പഠിച്ചത് സിനിമാപോസ്റ്ററുകൾ നോക്കിയായിരുന്നു. തമിഴ്സാഹിത്യം വായിക്കാൻ തുടങ്ങിയിട്ട് ഏകദേശം പത്തുകൊല്ലമേ ആയിട്ടുള്ളൂ.

മതത്തിന്റെ മറപിടിച്ചുള്ള എല്ലാ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ഞാനെതിരാണ്. മൊല്ലാക്കമാരുടെയും ലബ്ബമാരുടെയും ചൂഷണങ്ങൾ എനിക്ക് സഹിക്കാനാവില്ല. ഒരു പുരോഹിതനോടോ മുതലാളിയോടോ അല്ല, എന്റെ എതിർപ്പ് മുതലാളിത്തത്തോടും പൗരോഹിത്യത്തോടുമാണ്. മുതലാളിയുടെ ചെരുപ്പിനെയും തലപ്പാവിനെയും ബഹുമാനിക്കാൻ നിർബന്ധിതരായ പൂർവ്വികരാണ് ഞങ്ങളുടേതെന്ന് ലോകത്തെ അറിയിക്കാനാണ് ഞാൻ ശ്രമിച്ചത്. അനേകം സ്ത്രീകളുടെ ചാരിത്ര്യം കവർന്ന തങ്ങൾമാരെ ഇന്നും തിരിച്ചറിയണ്ടേ? ആ നോവൽ ധാരാളം എതിർപ്പുകൾ ക്ഷണിച്ചുവരുത്തി. എന്നാൽ ഞാൻ അതിലുന്നയിച്ച കാര്യങ്ങൾ ഇന്നുവരെ ആരും നിഷേധിച്ചിട്ടില്ല. അത് സത്യമാണ്! മുസ്ലിം സമുദായത്തെ എതിർക്കുകയാണ്, എനിക്ക് സാഹിത്യത്തിൽ അംഗീകാരം ലഭിച്ചത് എന്നാണെനിക്കെതിരെയുള്ള പ്രധാന ആരോപണം. അത് ശരിയല്ല. പ്രകാശത്തിനുള്ളിലെ ഇരുട്ടിനെയാണ് ഞാൻ ചൂണ്ടിക്കാട്ടിയത്. കലയുടെ ധർമ്മമതാണ്.

പഴയതും പുതിയതും ഞാൻ കണ്ടു. തലയോട്ടവും ഇന്റർനെറ്റും; കാളവണ്ടിയും ജെറ്റ്വിമാനവും. ഭൂതത്തിന്റെയും ഭാവിയുടെയും ഇടയിലെ ഒരു കണ്ണിയാണ് ഞാൻ. ഞാൻ വർത്തമാനത്തിൽനിന്നുകൊണ്ട് ഭൂതകാലത്തെ ആവിഷ്കരിക്കുന്നു. ഭാവിയിലേക്ക് പ്രതീക്ഷയോടെ ഉറ്റുനോക്കുന്നു.

തോപ്പിൽ മുഹമ്മദ്മീരാൻ.

महिला-संरक्षण कानून

## സ്ത്രീ - സംരക്ഷണ നിയമങ്ങൾ

നൂറ്റാണ്ടുകളായിത്തന്നെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റി നിർത്തി പലവിധ വിവേചനങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരാക്കിയിരുന്ന, സമൂഹത്തിന്റെ പകുതിയോളം വരുന്ന സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുക എന്നത് സ്വതന്ത്ര ഇന്ത്യ ഏറ്റെടുക്കേണ്ടി വന്ന മറ്റൊരു വെല്ലുവിളിയായിരുന്നു. സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിലെ സ്ത്രീ-പുരുഷ സമത്വം എന്ന സങ്കല്പനം പൂർണമായും ഉൾക്കൊണ്ടുകൊണ്ടാണ്. നമ്മുടെ ഭരണഘടനയും പൗരന്മാരുടെ മൗലിക അവകാശങ്ങളെപ്പറ്റി പ്രതിപാദിച്ചത്. അനുച്ഛേദം 14, 15, 16 എന്നിവയിലൂടെ അവസരസമത്വത്തിനായി ലോക രംഗത്തിൽ സ്ത്രീ-പുരുഷ സമത്വം ഉറപ്പ് പ്രഖ്യാപിക്കുകയും സ്ത്രീകൾക്കെതിരെയുള്ള എല്ലാവിധ വിവേചനങ്ങളും തടയുകയും ചെയ്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ തന്നെ നിത്യജീവിതത്തിൽ സമൂഹം അനുഭവിച്ചുകൊണ്ടിരിക്കുന്ന പല സ്ത്രീവിരുദ്ധ പ്രവർത്തനങ്ങളും അവസാനിപ്പിക്കാൻ നിയമങ്ങൾക്കു രൂപം നൽകാനും തുടങ്ങി. അവയിൽ ഏറ്റവും പ്രധാനപ്പെട്ട ചില നിയമങ്ങളെപ്പറ്റി മാത്രമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

## സ്ത്രീധന നിരോധന നിയമം

സാമൂഹ്യപരിഷ്കർത്താക്കളും ചിന്തകന്മാരും മനുഷ്യാവകാശ പ്രവർത്തകരുമെല്ലാം ഇങ്ങനെയൊരു നിയമത്തിന്റെ ആവശ്യകതയെക്കുറിച്ച് ശക്തമായ ആവശ്യം ഉന്നയിച്ചിരുന്നുവെങ്കിലും 1961 ൽ മാത്രമാണ് ഇന്ത്യയിൽ സ്ത്രീധന നിരോധന നിയമം പ്രാബല്യത്തിൽ വന്നത്. വിവാഹത്തോടനുബന്ധിച്ച് സ്ത്രീധനം ആവശ്യപ്പെടുന്നതും കൊടുക്കുന്നതും നിരോധിച്ചുകൊണ്ടുള്ള നിയമം ആണ് നിർമ്മിച്ചത്. ഈ നിയമത്തെ മഹത്തായ ഐതിഹാസികമായ സാമൂഹ്യപരിഷ്കരണ നിയമമായി വാഴ്ത്തപ്പെടുകയും ചെയ്തു.

शाश्वत जीवन की ओर

## നിത്യജീവിതത്തിലേയ്ക്ക്

ക്രിയാത്മകമായി ഉപയോഗിക്കാൻ സാധിച്ചാൽ സാധാരണക്കാർക്ക് അങ്ങേയറ്റം പ്രയോജനകരമായിരിക്കുന്ന ഒരു സംവിധാനമാണ് കമ്പ്യൂട്ടർ. ഗവൺമെന്റ് മുൻകൈ എടുത്തു നടത്തുന്ന ക്ഷേമപ്രവർത്തനങ്ങളെ ഫലപ്രദമാക്കാനും അവയെ സുതാര്യമാക്കാനും കമ്പ്യൂട്ടറിനു കഴിയും. നികുതിയടയ്ക്കുക, പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുക, സാക്ഷ്യപത്രങ്ങൾ, അനുമതിപത്രങ്ങൾ, ലൈസൻസുകൾ എന്നിങ്ങനെ സാധാരണക്കാർക്ക് അടിക്കടി വേണ്ടിവരുന്ന സേവനങ്ങളുടെ ലഭ്യത സുഗമമാക്കുക തുടങ്ങി ഒട്ടനവധി പ്രവർത്തനങ്ങളെ വേഗത്തിലാക്കാൻ കമ്പ്യൂട്ടറുകൾക്ക് സാധിക്കും. അഴിമതിക്കുള്ള സാധ്യതകളെ അത് വളരെ കുറയ്ക്കുന്നു. ഈ രീതിയിൽ കമ്പ്യൂട്ടറുകളെ ഉപയോഗിക്കാൻ മനോഭാവം തയ്യാറാകുന്നില്ലെങ്കിൽ കുറ്റം ആ സംവിധാനത്തിന്റേതല്ല. രാഷ്ട്രീയ-ഉദ്യോഗസ്ഥ മേധാവികളുടെ അജ്ഞതയോ തങ്ങളുടെ സ്വാധീനം നഷ്ടപ്പെടുമെന്ന ഭയമോ ആണ്.

ദൈനംദിന ജീവിതത്തിൽ കമ്പ്യൂട്ടറുകളെ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാമെന്നതിന് ഉദാഹരണങ്ങൾ എത്ര വേണമെങ്കിലുമുണ്ട്. നിങ്ങൾ ഒരു ട്രെയിൻയാത്ര പ്ലാൻ ചെയ്യുന്നുവെന്നു കരുതുക. മുൻകാലങ്ങളിൽ ഈ യാത്രയ്ക്കായി ട്രെയിൻ ടിക്കറ്റുകൾ കാലേക്കൂട്ടി റിസർവ് ചെയ്യുക എന്നത് വിഷമം പിടിച്ച കാര്യമായിരുന്നു. ഇന്നാകട്ടെ ഈ ജോലി നിർവഹിക്കുന്നതിനും നിങ്ങൾക്കാവശ്യമായ മറ്റു വിവരങ്ങൾ നൽകുന്നതിനും ഒരു കമ്പ്യൂട്ടറിന്റെ സഹായമുള്ള റിസർവേഷൻ കൗണ്ടറിൽ ചില നിമിഷങ്ങൾ മാത്രമേ വേണ്ടൂ. അടുത്ത പടിയായി ഒരു ഗാർഹിക കമ്പ്യൂട്ടർ ഉപയോഗിച്ചുകൊണ്ട് ക്രെഡിറ്റ് കാർഡിന്റെ സഹായത്തോടെ നിങ്ങൾക്ക് ഇത്തരം കാര്യങ്ങൾ ചെയ്യാമെന്നു വരുന്നു.

ഇതുപോലെതന്നെ നികുതിവകുപ്പ് പൂർണമായി കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടാൽ, ഓരോ നികുതിദായകന്റെയും വരുമാനത്തെക്കുറിച്ചും അയാൾ അടയ്ക്കേണ്ട നികുതിയെക്കുറിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കണ്ടുപിടിക്കുക എന്നത് അനായാസമായിരിക്കും. നികുതിവെട്ടിപ്പ് കണ്ടുപിടിക്കാൻ ഈ സംവിധാനം വളരെ പ്രയോജനപ്പെടുകയും ചെയ്യും.

പോണ്ടിച്ചേരിയിലെ ചില ഗ്രാമങ്ങളിൽ സ്വാമിനാഥൻ ഫൗണ്ടേഷൻ ഒരു കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. ഗ്രാമീണർക്ക് പ്രയോജനകരമായ സർക്കാർ പദ്ധതികളെക്കുറിച്ച് ഒട്ടേറെ വിവരങ്ങൾ അവർക്കെത്തിക്കാൻ ഇതിലൂടെ സാധിച്ചു. ഒപ്പം തന്നെ ചന്തകളിൽ അവർ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഉല്പന്നങ്ങളെ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി എത്തിക്കുന്നതിലൂടെ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാനും കഴിഞ്ഞു.

प्रकृति और ऋतुएँ

## പ്രകൃതിയും ഋതുചക്രവും

പ്രകൃതിക്ക് ധാരാളം സമയമുണ്ട്. എന്നാലും പൂ വിരിയുന്ന കാര്യത്തിലും വിരിയുന്ന പൂവ് കൂമ്പുന്ന കാര്യത്തിലുമെല്ലാം കൃത്യമായ സമയനിഷ്ഠയുണ്ട്. ചെടികളിലും മരങ്ങളിലും ഇലയും പൂവും വരുന്നതു പോലെയാണ് ഈ ഭൂമണ്ഡലത്തിൽ ഋതുക്കൾ വരുന്നത്. ശിശിരം കഴിഞ്ഞാൽ വസന്തം വരും. വസന്തം എത്രതന്നെ ആഹ്ലാദകാരിയാണെങ്കിലും ഒരോ വസന്തത്തിനുമറിയാം ഇനി പൂക്കളിൽ നിന്നു പഴങ്ങളും ബീജങ്ങളും വരേണ്ട സമയമാണെന്ന്. പൂവ് വിരിഞ്ഞപ്പോൾ അത് എത്ര നിശ്ശബ്ദമായിട്ടായിരുന്നോ, അതുപോലെ ഉച്ചവെയിലിൽ പവനൻ വരുമ്പോൾ ആവശ്യം കഴിഞ്ഞ പൂവിന്റെ ദലങ്ങളെയെല്ലാം പൂവിനു വേദനിക്കാതെ തന്നെ കാറ്റിൽ പറത്തിക്കളയും. പിന്നെ പൂക്കളും വഹിച്ചുനിന്ന ചെടികളും മരങ്ങളുമെല്ലാം അമ്മയെപ്പോലെയാണ്. അവരുടെ ഗർഭത്തിലിരിക്കുന്ന അടുത്ത തലമുറയെ കൊണ്ടുവരാൻ ചൂട് വേണം. അതുകൊണ്ട് ശരത്ക്കാലം വരും. വർഷം വരുന്നതിന് മുമ്പ് വിളവെടുപ്പുകാലമാകും. പിന്നെയും വിത്തുകളെല്ലാം പുനരാവിർഭാവത്തിന് തയാറാകുമ്പോഴേക്കും കടലിൽ നിന്നു കറുത്ത മഴമേഘങ്ങൾ ആകാശത്തിലേക്ക് പൊന്തിവരും. അപ്പോൾ മാത്രമേ പ്രകൃതി മൗനം ഭഞ്ജിക്കാറുള്ളൂ. ലോകം അറിയണം ആകാശത്തു നിന്നു കൃപാരസം വരുന്നുണ്ടെന്ന്. പത്തു ചതുരശ്രഗജം മുതൽ ആയിരം ചതുരശ്രമൈൽ വരെ പരന്നുപെയ്യുന്ന മഴകളുണ്ട്. ഭൂമിക്കുമുഴുവനും ജീവനും പകർന്നു കൊടുക്കുന്ന സമയമാണിത്. അപ്പോൾ മേഘങ്ങൾ പൊട്ടിച്ചിരിക്കും. ഇരുൾ കീറുന്നതുപോലെ വൈദ്യുതി പ്രവാഹമുണ്ടാകും. മഴയെല്ലാം തീർന്നു കഴിഞ്ഞാൽ പിന്നെ ഭൂമിയും കർഷകനും അടുത്ത പരിപാടിക്ക് തയാറെടുക്കുകയാണ്.

ഭൂമിക്കും വേണം വിശ്രമം. മരങ്ങൾക്ക് എപ്പോഴും ഉടുത്തൊരുങ്ങി നിൽക്കാനല്ല ആഗ്രഹം. ഹേമന്തം വരുമ്പോഴേക്കും ഇലയെല്ലാം പൊഴിച്ചു കളയണം. പിന്നെ ഇലയില്ല, പൂവില്ല, കായില്ല. ആത്മാവിലെന്നപോലെ വൃക്ഷലതാദികൾ നഗ്നമായി നിൽക്കും. ഇത് മനുഷ്യന് പ്രകൃതി നൽകുന്ന മൗനത്തിൽക്കൂടിയുള്ള സമാധാനപാഠമാണ്.

(നിത്യ ചൈതന്യ യതി)

दक्षिण की चिरापुंजी

## ആഗുംബെയിലെ മഴ

ആഗുംബെ വിളിക്കുന്നതുപോലെ തോന്നും. ആഗുംബെ മാത്രമല്ല അന്നാട്ടിലെ മഴ, കാട്, മലനിരകൾ, പുൽമേടുകൾ ഒക്കെയും. മഴ വിളിച്ചത് സ്നേഹപൂർവമാണ്, 'വരൂ ആഗുംബെയുടെ മഴയത്തിറങ്ങൂ!'

താളമില്ലാത്തതാണ് ആഗുംബെയിലെ മഴ. ശബ്ദമുണ്ടാക്കാതെയാണ് ചില നേരത്തെ വരവ്. ചിലപ്പോൾ കുട്ടികളെപ്പോലെ കിലുക്കാംപെട്ടിയാകും. മറ്റു ചിലനേരങ്ങളിൽ മലനിരകളുടെ പടവുകളിറങ്ങി അതേ വേഗത്തിൽ തിരിഞ്ഞോടുന്ന കൗമാരക്കാരി. അല്ലെങ്കിൽ സ്വപ്നത്തിലെ പൂമഴ.

തുള്ളികൾക്ക് കനമില്ല. പക്ഷേ, ഇടതൂർന്നതാണ്. ആഗുംബെയിലെ മഴയുടെ ആദ്യസ്പർശം ഇങ്ങനെയൊക്കെയാകാം.

നെറ്റിയിൽ ഒരേസമയം നാലഞ്ചുതുള്ളികൾ. മൂക്കിൽ ഒരുതുള്ളി വീണു ചിതറും. ഏതാനും തുള്ളികൾ കവിളിൽ തൊട്ടുരുമ്മും മെല്ലെ നാമറിയാതെ മഴ നമ്മെ പൊതിയും. കുട ചൂടാതെ നടക്കാം പക്ഷെ വെള്ളം തട്ടിതെറിപ്പിക്കാനാവില്ല. കാരണം, ആഗുംബെയിൽ വെള്ളക്കെട്ടുകളില്ല. അഴുക്കും മാലിന്യങ്ങളുമില്ല. അതുകൊണ്ടാകാം അന്യനാട്ടുകാർ ഇവിടെ മഴ കൊള്ളാൻ എത്തുന്നത്. പനിപിടിച്ചെന്ന ആവലാതികളും ആഗുംബെയിൽ കേട്ടിട്ടില്ല. മൺസൂൺ മറഞ്ഞാലും ആഗുംബെയെ മഴ വിട്ടൊഴിയാറില്ല. പന്ത്രണ്ടുമാസവും മഴ. സഹ്യന്റെ തോളിലാണ് ഇരിപ്പ് എന്നതുതന്നെ കാരണം.

കർണ്ണാടകയിലെ ഷിമോഗ ജില്ലയിലാണ് ഒത്തിരി പ്രത്യേകതയുള്ള ഈ കൊച്ചുസ്ഥലം. ആർ. കെ. നാരായണന്റെ മാൽഗുഡിഡെയ്സ് സീരിയൽ ഷൂട്ടിംഗ് ചെയ്തത് ഇവിടെയായിരുന്നു.

(ടി. ആർ. രമ്യ)

നഗരി, മാതൃഭൂമി 12 ജൂലായ് 2009

सूचना अधिकार का कानून

## വിവരാവകാശ നിയമം-2005

ജനങ്ങൾക്കു പരമാധികാരം ഉള്ള ജനാധിപത്യ സമ്പ്രദായത്തിൽ, സർക്കാരും സർക്കാരാഫീസുകളും മറ്റു പൊതുസ്ഥാപനങ്ങളും ജനങ്ങളുടെ നികുതിപ്പണം കൊണ്ടാണ് പ്രവർത്തിക്കുന്നത് എന്നുള്ളതുകൊണ്ട് അവിടെ ഉണ്ടാകുന്ന എല്ലാ വിവരങ്ങളും ജനങ്ങൾക്കറിയാനുള്ള അവകാശമുണ്ട് എന്ന കാഴ്ചപ്പാടാണ് ഈ നിയമത്തിനു പിറകിലുള്ളത്. ലോകത്തിലുള്ള അമ്പതിയഞ്ചിൽപരം രാജ്യങ്ങളിൽ ഇതിനകം തന്നെ പ്രാവർത്തികമാക്കിയ സമാനനിയമങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയ്ക്കകത്തും സാമൂഹ്യപ്രസ്ഥാനങ്ങളും മനുഷ്യാവകാശ സംഘടനകളും മറ്റും നടത്തിയ സാമൂഹ്യസമ്മർദ്ദത്തിന്റെ ഫലമായാണ് ഈ നിയമം നിർമ്മിക്കപ്പെട്ടത്. ഇതിന്റെ ആദ്യപടിയായി 2002 ൽ നിർമിച്ച നിയമം 'വിവര സ്വാതന്ത്ര്യനിയമം' ആയിരുന്നു. വിവരം ജനങ്ങളുടെ അവകാശമാണെന്ന് അംഗീകരിക്കാനുള്ള മേലാധികാരികളുടെ വിമുഖതയായിരുന്നു അവിടെ ദർശിച്ചത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഭരണരംഗത്ത് വർദ്ധിച്ചുവന്ന അഴിമതിയും കൈക്കൂലിയും സ്വജനപക്ഷപാതവും ചുവപ്പുനാട സമ്പ്രദായവും എല്ലാം ദരിദ്രനാരായണന്മാർക്ക് നീതി നിഷേധിക്കുന്നതിനിടയാക്കി. ധനവും സാമൂഹ്യസ്വാധീനവും ഉള്ളവനുമാത്രം നീതി എന്ന നിലയിലേക്കു മാറി. ഇതിനെല്ലാം സാർത്ഥകമായത് ഭരണരംഗത്തിലെ നിഗൂഢതയാണെന്നു മനസ്സിലാക്കിക്കൊണ്ടാണ് ഭരണം സുതാര്യമാക്കുന്നതിന് ഇത്തരം ഒരു നിയമം അത്യാവശ്യമാണെന്ന് വാദം ഉന്നയിച്ചുകൊണ്ട് വിവിധ സംഘടനകൾ മുന്നോട്ടു വന്നത്. അങ്ങനെ 2005 ഒക്ടോബർ 12-ാം തീയതി ജമ്മുകാശ്മീർ ഒഴികെ ഇന്ത്യയിൽ എല്ലായിടത്തും നിയമം പ്രാബല്യത്തിൽ വന്നു.

[illegible]

ദക്ഷിണേന്ത്യയിൽ കേരളത്തിലൊഴികെ മാതൃഭാഷയ്ക്കായി സർവകലാശാലകളുണ്ട്.

മലയാളത്തിനും ഒരു സർവകലാശാലയുണ്ടായാൽ നമ്മുടെ തനതുകലകളെയും കൃഷി ഉൾപ്പെടെയുള്ള സംസ്കാരത്തെയും നാട്ടറിവുകളെയും അത്രമാത്രം പരിപോഷിപ്പിക്കില്ലേ? അതുവഴി ആർജിക്കുന്ന വിജ്ഞാനത്തിലൂടെ കേരളം എത്രമാത്രം വികസിക്കില്ല! മലയാളത്തിന് സർവകലാശാലയുണ്ടായാൽ ഉണ്ണി അടിപിടിയും ചന്ദ്രോത്സവവും മറ്റും മാത്രമാവും പാഠ്യവിഷയങ്ങളെന്നു തെറ്റിദ്ധരിക്കുന്നവർ 1981 ൽ സ്ഥാപിതമായ, 1000 ഏക്കർ വിസ്തൃതിയുള്ള, തഞ്ചാവൂരിലെ തമിഴ് സർവകലാശാലയുടെ പാഠ്യപദ്ധതികൾ ശ്രദ്ധിക്കുക. തമിഴ് ഭാഷയെയും സംസ്കാരത്തെയും പറ്റിയുള്ള പഠനഗവേഷണങ്ങൾക്കായി നിരവധി വിഭാഗങ്ങളുണ്ടിവിടെ. ഭാഷാശാസ്ത്രം, നിഘണ്ടുനിർമാണം, [illegible] പഠനം മാത്രമല്ല, നാടകം, സംഗീതം എന്നിവയും ഇവിടത്തെ പഠനവിഷയങ്ങളാണ്. തമിഴ് ഭാഷയിലുള്ള കൃതികൾ അന്യഭാഷകളിലേക്കും തിരിച്ചും വിവർത്തനം ചെയ്യാനുള്ള പ്രവർത്തനങ്ങളും എല്ലാ വിഷയങ്ങളും (മെഡിസിൻ, എൻജിനീയറിങ് ഉൾപ്പെടെ) മാതൃഭാഷയിൽ പഠിപ്പിക്കുന്നതിനായുള്ള പാഠപുസ്തകങ്ങളുടെ രചനയും ഈ സർവകലാശാലയുടെ കീഴിൽ നടക്കുന്നുണ്ട്.

മലയാളത്തെ [illegible] പറയുന്നത് മലയാളിയെ [illegible] പറയുന്നതിനു സമമാണെന്ന തിരിച്ചറിവ് മലയാളിക്കില്ലാതെപോയതെന്തുകൊണ്ട്? മാതൃഭാഷാസ്നേഹമില്ലാത്ത മലയാളിയുടെ [illegible] കാരണമെന്ത്? [illegible] പഠനം ആവശ്യപ്പെടുന്ന വിഷയങ്ങളാണിവയൊക്കെ. നമുക്ക് സ്വാതന്ത്ര്യബോധമുണ്ടായത് സായിപ്പന്മാരിൽനിന്നാണെന്ന് നമ്മുടെ ചില പണ്ഡിതന്മാരെങ്കിലും ധരിച്ചുവശായിരിക്കുന്നു. സ്വാതന്ത്ര്യബോധം [illegible] ഉണ്ടായതാണെന്നും [illegible] ഒരിക്കലും [illegible] കൂട്ടിലടയ്ക്കപ്പെട്ട തിര്യക്കുകൾ പോലും സ്വാതന്ത്ര്യം നേടാൻ വെമ്പൽ കൊള്ളുന്നത് ആരെങ്കിലും പഠിപ്പിച്ചിട്ടാണോ?

[illegible]

## മാധ്യമങ്ങൾക്കൊരു മ്യൂസിയം

കഴിഞ്ഞ ഏതാനും മാസങ്ങൾക്കിടയിൽ അമേരിക്കയിൽ മാത്രം നിരവധി പ്രശസ്തപത്രങ്ങൾ അടച്ചുപൂട്ടി. പരസ്യ വരുമാനം കുറയുന്നതും ഭാരിച്ച ചെലവുകളും ജനങ്ങളുടെ വായനാശീലം ഇന്റർനെറ്റിലേക്ക് വ്യാപിക്കുന്നതുമൊക്കെ കാരണങ്ങളായി കണക്കാക്കുന്നു. മാധ്യമങ്ങളുടെ സാമ്പത്തികസ്ഥിതി ഇങ്ങനെയാണെന്നിരിക്കെ, വാർത്തകൾക്കും മാധ്യമങ്ങൾക്കും ഒരു മ്യൂസിയം ഉയർന്നുവന്നാൽ അത് സന്ദർഭോചിതമല്ലേ എന്ന സംശയം സ്വാഭാവികം. നാമാവശേഷമായ പത്രങ്ങൾക്കും നിലവിലുള്ള മാധ്യമങ്ങൾക്കും നാളെ [illegible] വരുന്ന പരിണാമങ്ങൾക്കും ഒരു മ്യൂസിയം - [illegible] അമേരിക്കയുടെ തലസ്ഥാനനഗരിയായ വാഷിങ്ടണിൽ ലക്ഷക്കണക്കിന് ജനങ്ങളെ ആകർഷിച്ചുവരുന്ന പുതിയ ശ്രദ്ധാകേന്ദ്രം.

ന്യൂസിയം എന്ന സവിശേഷമായ പേരിൽ നിലവിൽ വന്ന ഇത്രയും വിപുലമായ ഒരു സ്ഥാപനം ലോകത്തിൽ ആദ്യമാണ്. വാഷിങ്ടണിൽ ഭരണസിരാകേന്ദ്രങ്ങളായ വൈറ്റ്ഹൗസിനും അമേരിക്കൻ കോൺഗ്രസ്സിന്റെ ആസ്ഥാനമായ കാപ്പിറ്റോളിനുമിടയിൽ സ്ഥിതിചെയ്യുന്ന ന്യൂസിയം സാധാരണ നമുക്ക് പരിചിതമായ മ്യൂസിയങ്ങളെപ്പോലെ പുരാവസ്തുക്കളുടെയോ, അമൂല്യമായ പെയിന്റിങ്ങുകളുടെയും ശില്പങ്ങളുടെയും കലവറയല്ല. മറിച്ച്, 3200 വർഷം പഴക്കമുള്ള മാധ്യമങ്ങളുടെ ഉത്ഭവങ്ങൾ ഓർമ്മിപ്പിക്കുന്ന സുമേറിയൻ സംസ്കാരത്തിൽ നിന്നുള്ള ഒരു ഫലകത്തിൽ നിന്നു തുടങ്ങി, സമീപകാലത്തിന്റെ ഓർമ്മക്കുറിപ്പുകളും ആധുനിക ഡിജിറ്റൽ യുഗത്തിന്റെ ചുവടുകളും അടങ്ങുന്ന ഒരു അത്യന്താധുനിക സ്ഥാപനമാണ്.

ന്യൂസിയത്തിൽ പ്രവേശിക്കുമ്പോൾ ആദ്യം കാണുന്ന കാഴ്ച ദിനപത്രങ്ങളുടെ ലോകമാണ്. ന്യൂസിയത്തിന്റെ കവാടത്തിനരികിൽ ദിനം പ്രതി 80 രാജ്യങ്ങളിൽ നിന്നുള്ള പ്രധാന പത്രങ്ങളുടെ ഒന്നാംപേജ് ലഭ്യമാണ്. എല്ലാദിവസവും പ്രശസ്ത പത്രങ്ങളുടെ കോപ്പികൾ ഇന്റർനെറ്റിലൂടെ ലഭിച്ചശേഷം ന്യൂസിയത്തിലെ പ്രവർത്തകർ അവ അച്ചടിച്ച് രാവിലെ എട്ടുമണിയോടെ പ്രദർശനത്തിന് ഒരുക്കുന്നു.

त्रिशूर नगर का उत्सव

## തൃശൂർ പൂരം

മനുഷ്യന്റെ സൗന്ദര്യബോധത്തിന്റെ ഉദാത്തമായ ആവിഷ്കാരമാണ് ക്ഷേത്രോത്സവങ്ങൾ. മനുഷ്യനുണ്ടാവുന്ന പിരിമുറുക്കങ്ങൾ അയവുനൽകാനും സ്വാർത്ഥതയല്ല സാമൂഹ്യബോധമാണ് മനഃസ്വാസ്ഥ്യം നൽകുകയെന്നോർമ്മപ്പെടുത്താനും നമ്മുടെ പൂർവ്വികർ ആവിഷ്കരിച്ച് ചിട്ടപ്പെടുത്തിയ ഉത്സവങ്ങൾ സമൂഹത്തിന്റെ ഏകതാബോധം നിലനിർത്താനും സഹായിക്കുന്നു.

വടക്കേ മലബാറിലെ ഉത്സവങ്ങളിൽ തെയ്യത്തിനും നാടൻകലകൾക്കും നൽകുന്ന പ്രാധാന്യം മധ്യകേരളത്തിൽ പൊതുവെ ഇല്ല. ഇവിടെ ആനകളെ അണിനിരത്തികൊണ്ടുള്ള എഴുന്നള്ളിപ്പുകൾക്കും വാദ്യവിശേഷങ്ങൾക്കും വെടിക്കെട്ടിനുമാണ് പ്രാധാന്യം. സന്ധ്യാസമയത്ത് ക്ഷേത്രനടയിൽ ചില നാടൻ കലാരൂപങ്ങൾ അരങ്ങേറാറുണ്ട്. കുറെക്കൂടി തെക്കോട്ടേക്ക് നീങ്ങിയാൽ കലാപരിപാടികൾ കേമം; ഹരികഥ, കഥകളി, നാദസ്വരകച്ചേരി, സംഗീതകച്ചേരി, എന്നിവയ്ക്കിവിടങ്ങളിൽ പ്രാധാന്യമേറും. കുതിരവേല, കാളകളി, വള്ളംകളി എന്നിങ്ങനെ പലതും ഉത്സവത്തിന്റെ ഭാഗമായി ദേശഭേദമനുസരിച്ച് അരങ്ങേറാറുണ്ട്. ഒരു സമൂഹം മുഴുവൻ ഒന്നുചേർന്ന് ഒരേ ദേവരുടെ മക്കൾ എന്നറിഞ്ഞ് ഇഷ്ടദേവന്റെ ഉത്സവം നടക്കുമ്പോൾ ഉണ്ടാകുന്ന ഏകതാബോധം സമൂഹത്തിന്റെ നിലനിൽപ്പിനും നന്മയ്ക്കും വേണ്ടി നൽകുന്ന സംഭാവന വിലമതിക്കാനാവില്ല

പഴയ കൊച്ചി രാജ്യത്തെ ഏറെ പ്രാധാന്യമേറിയ ഉത്സവങ്ങളാണ് ആറാട്ടുപുഴപൂരവും തൃശൂർപൂരവും. ആദ്യത്തേതിന് പതിനാലുനൂറ്റാണ്ടിനപ്പുറം വർഷങ്ങളുടെ പാരമ്പര്യമുള്ളപ്പോൾ തൃശൂർപൂരത്തിന് രണ്ടുനൂറ്റാണ്ടിന്റെ പഴക്കമേയുള്ളൂ. രണ്ടും ക്ഷേത്രോത്സവങ്ങളാണെങ്കിലും തൃശൂർപൂരത്തിന് ക്ഷേത്രസംബന്ധമായ ചടങ്ങുകളേക്കാൾ പ്രാധാന്യം 30 മണിക്കൂർ നേരം 10 ദേവീദേവന്മാർ സ്വന്തം തട്ടകങ്ങൾവിട്ട് വടക്കുന്നാഥന്റെ അമ്പലപറമ്പിൽ അരങ്ങേറുന്ന ആഘോഷങ്ങൾക്കാണ്.

വടക്കുന്നാഥൻ—ക്ഷേത്രവും—ചുറ്റുമുള്ള—പുതിയ മൈതാനവും കേന്ദ്രീകരിച്ച് തൃശൂർനഗരം സംവിധാനം ചെയ്യാൻ തുനിഞ്ഞ ശക്തൻതമ്പുരാൻ, നാടിന്റെ ഖ്യാതിവളർത്താൻ സഹായകമാകുന്ന ഒരു വാർഷിക-സംസ്കാരികോത്സവവും വേണമെന്ന് തീരുമാനിച്ചു.

विविध प्रकार के वाचन

## പല തരത്തിലുള്ള വായനകൾ

### ശ്രാവ്യവായന

ക്ലാസിൽ എല്ലാവരും കേൾക്കെ വായിക്കാനാണിത്. ആശയഗ്രഹണത്തോടൊപ്പം മറ്റുള്ളവർക്ക് കാര്യം മനസ്സിലാവുകയുംവേണം. അക്ഷരസ്ഫുടതയോടെ വ്യക്തതയോടെ ആവശ്യമായിടത്ത് ഊന്നലും നിർത്തുമെല്ലാം നൽകിയാണ് ശ്രാവ്യവായന നടത്തേണ്ടത്.

### മൗനവായന

മറ്റുള്ളവരുടെ വായനയെ തടസ്സപ്പെടുത്താതെയുള്ള വായന. കഥകൾ, നോവലുകൾ ഒറ്റയിരിപ്പിന് വായിച്ചു തീർക്കുന്ന കൂട്ടുകാരെ കണ്ടിട്ടില്ലേ. മറ്റെങ്ങും ശ്രദ്ധപാളാതെ പുസ്തകത്തിലേക്ക് തന്നെ നോക്കിയൊരു വായന. പഠനസമയത്തും മൗനവായന ശീലമാക്കണം. ആശയഗ്രഹണത്തിന് മൗനവായനയാണ് ശ്രാവ്യവായനയേക്കാൾ ഫലപ്രദമെന്നു പറയാറുണ്ട്.

### ജൈവവായന

കൂട്ടുകാർക്ക് ഇഷ്ടമുള്ളത് വായിക്കുക. ഇതാണ് ജൈവവായന കൊണ്ട് ഉദ്ദേശിക്കുന്നത്. പലപ്പോഴും മുതിർന്നവരുടെ ഇഷ്ടാനിഷ്ടങ്ങൾ കുട്ടികളുടെ വായനയെ സ്വാധീനിക്കും. എന്നാൽ കുട്ടിക്ക് സ്വന്തം ആവശ്യങ്ങൾക്കനുസരിച്ച് വായിക്കാനുള്ള അവസരം ഒരുക്കികൊടുക്കണം. അപ്പോൾ വായന സ്വാഭാവികമായ ഒരു അനുഭവമാകും.

### പുനർവായന

ഓരോകൃതിയും അതാതു കാലത്തിന്റെ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം കൂടി ഉൾക്കൊള്ളുന്നു. മഹത്തായ കൃതികൾ കാലാതീതവുമാണ്. അവ പുതിയ കാലത്തിനനുസരിച്ച് പുതിയ രീതിയിൽ വായിക്കുവാൻ വായനക്കാരന് സ്വാതന്ത്ര്യമുണ്ട്. കൃതിയിൽ പറയാതെപോയ കാര്യങ്ങൾ പരിശോധിക്കുക, എന്തുകൊണ്ടിങ്ങനെ എന്ന് അന്വേഷിക്കുക തുടങ്ങിയവ പുനർവായനയിലേക്ക് നയിക്കുന്നു.

अंतर्देशीय माप-तौल

## അന്താരാഷ്ട്ര അളവു-തൂക്ക സംഘടന:

നമ്മുടെ രാജ്യത്ത്, അതായത് ഇന്ത്യയിൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം നാം അളവു-തൂക്കങ്ങളിൽ മെട്രിക് സമ്പ്രദായം സ്വീകരിച്ചു നടപ്പിലാക്കിയിരിക്കുകയാണ്. അങ്ങനെ മെട്രിക് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ള രാജ്യങ്ങൾ എല്ലാം കൂടി ഒരു അന്തർദേശീയ അളവു-തൂക്ക സംഘടന (International Organisation of Legal Metrology) സ്ഥാപിച്ചു പ്രവർത്തിക്കുന്നു. ഇതിലേക്കു പിൻതുടരേണ്ട നയങ്ങളും പരിപാടികളും ചർച്ച ചെയ്തു തീരുമാനിക്കാൻ കാലാകാലങ്ങളിൽ അന്താരാഷ്ട്ര സമ്മേളനങ്ങളും വിളിച്ചുകൂട്ടാറുണ്ട്. ഇന്ത്യ ഈ സംഘടനയിലെ അംഗമാണ്. കാലാകാലങ്ങളിൽ തീരുമാനിക്കപ്പെടുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുമുണ്ട്.

## ഇപ്പോൾ നിലവിലുള്ള നിയമം:

നമ്മുടെ സംസ്ഥാനത്ത് അളവു-തൂക്കങ്ങളെ സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ളത് 1956ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ അളവുകളും നിയമത്തെ ആസ്പദമാക്കി 1958ലെ അളവുകളും തൂക്കങ്ങളും നടപ്പാക്കൽ നിയമത്തെ സമഗ്രമായി ഭേദഗതി ചെയ്ത 1964 ലെ നിയമവുമാണ് – Kerala Weights and Measures (Enforcement) Rules, 1964.

## ചട്ടം നടപ്പാക്കാനുള്ള ഉദ്യോഗസ്ഥന്മാർ – അവരുടെ ചുമതലകളും അധികാരവും:

ഈ നിയമം കാര്യക്ഷമമായി സംസ്ഥാനത്തിൽ നടപ്പാക്കുന്നതിനുള്ള ചുമതല അളവു തൂക്ക വകുപ്പിന്റെ കൺട്രോളർക്കാണ്. ഈ വകുപ്പ് റവന്യൂവകുപ്പിന്റെ താഴെയാണ് പ്രവർത്തിക്കുന്നത്.

കൺട്രോളറെ അദ്ദേഹത്തിന്റെ ചുമതലകൾ നടപ്പാക്കാൻ സഹായിക്കുന്നതിനായി ജില്ലാതലത്തിൽ അസിസ്റ്റന്റ് കൺട്രോളർമാരും അവരുടെ താഴെ താലൂക്കുതലത്തിൽ ഇൻസ്പെക്ടർമാരുമുണ്ട്. താലൂക്കുതലത്തിൽ പ്രവർത്തിക്കുന്ന ഇൻസ്പെക്ടർമാർ സയൻസിലോ എൻജിനീയറിംഗിലോ ബിരുദമെടുത്തവരായിരിക്കണം.

വ്യാപാരത്തിനുപയോഗിക്കുന്ന അളവു-തൂക്ക ഉപകരണങ്ങൾ കൃത്യസമയത്ത് മുദ്രണം നടത്തിക്കൊടുക്കുക, ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുക, വ്യാപാരസ്ഥലങ്ങൾ സന്ദർശിച്ച് അവിടെ ഉപയോഗിക്കുന്ന അളവു-തൂക്ക ഉപകരണങ്ങളുടെ കൃത്യത പരിശോധിക്കുക, ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, നിർദ്ദിഷ്ട കാലയളവിൽ പുനർമുദ്രണം നട

सिंधु-घाटी की संस्कृति

## സൈന്ധവ സംസ്കാരം

ഏതാണ്ട് 88 വർഷം മുമ്പ് ഹാരപ്പ -മോഹഞ്ചദാരോ പ്രദേശങ്ങളിൽ നടന്ന ഗവേഷണത്തിന്റെയും ഉദ്ഖനനത്തിന്റെയും ഫലമായി മൺമറഞ്ഞുപോയ ഒരു മഹാ നാഗരികതയുടെ അവശിഷ്ടങ്ങൾ കണ്ടെത്തി. ക്രീറ്റ്, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിൽ കണ്ടെത്തിയിട്ടുള്ള പുരാതന സംസ്കാരങ്ങളെ അപേക്ഷിച്ച് ജീവിതത്തിന്റെ എല്ലാ തുറകളിലും ഉന്നത നിലവാരം പുലർത്തിയിരുന്ന ഒരു സംസ്കാരമാണ് ഭാരതത്തിൽ നിലനിന്നിരുന്നതെന്ന് തുടർന്നുള്ള പഠനങ്ങളിൽനിന്ന് വ്യക്തമായി. ഇന്ത്യയുടെ വടക്കുപടിഞ്ഞാറു, സിന്ധുനദീതീരത്തു മാത്രമായി ഒതുങ്ങിനിന്ന ഒരു സംസ്കാരമായിരുന്നില്ല അത് ഇന്ത്യൻ ഉപഭൂഖണ്ഡം മുഴുവനും മധ്യധരണ്യാഴി തീരങ്ങളും ഉൾപ്പെടെ അതിവിപുലമായ ഒരു ഭൂപ്രദേശത്ത് വ്യാപിച്ചിരുന്ന സംസ്കാരമായിരുന്നു സിന്ധുനാഗരികത. അതു ദ്രാവിഡസംസ്കാരമായിരുന്നുവെന്ന് മിക്ക ചരിത്രകാരന്മാരും ഇന്നു സമ്മതിക്കുന്നുണ്ട്. എന്നാൽ പുരാതന ദ്രാവിഡ സംസ്കാരത്തിന്റെ വ്യാപ്തിയെക്കുറിച്ചോ അവരുടെ ചിന്തകളെക്കുറിച്ചോ കാര്യമായ അറിവുകളൊന്നും ചരിത്രകാരന്മാർക്ക് ആർക്കും ലഭ്യമായിട്ടില്ല. സുകുമാരകലകൾ, കരകൗശലവിദ്യകൾ, കെട്ടിടനിർമ്മാണം, നഗരാസൂത്രണം തുടങ്ങിയ കാര്യങ്ങളിൽ സൈന്ധവജനത അത്ഭുതകരമായ സാമർത്ഥ്യം പ്രകടിപ്പിച്ചിരുന്നുവെന്നതിന് ധാരാളം തെളിവുകളുണ്ട്.

'സംസ്കാരത്തിന്റെ തൊട്ടിൽ'ലാണ് സിന്ധുനദീതടസംസ്കാരം. ലോകത്ത് അറിയപ്പെടുന്ന പുരാതന സംസ്കാരങ്ങളെല്ലാം നദീതടങ്ങളിലായിരുന്നു. മറ്റു നദീതട സംസ്കാരങ്ങളുടെയെല്ലാം കേന്ദ്രം എന്ന നിലയ്ക്കാണ് സിന്ധുനദീതട സംസ്കാരത്തെ കണക്കാക്കിയിരുന്നത്. സമകാലീന സംസ്കാരങ്ങളെല്ലാം പ്രചോദനം ഉൾക്കൊണ്ടിരുന്നത് സൈന്ധവ സംസ്കാരത്തിൽ നിന്നാണ് എന്നതിന് വ്യക്തമായ തെളിവുകളുണ്ട്.

## ചരിത്രം

മാർത്താണ്ഡവർമ്മയെ തുടർന്ന് തിരുവിതാംകൂറിൽ സിംഹാസനാരോഹണം ചെയ്ത രാമവർമ്മ ധർമ്മരാജാവ് യുദ്ധകുതുകി ആയിരുന്നില്ല. രാജ്യത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കണമെന്ന് ആഗ്രഹം ഉണ്ടായിരുന്നുവെങ്കിൽകൂടി രാജ്യത്തിനകത്ത് സമാധാനവും പരിഷ്കാരവും കൈവരുത്തുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ കൂടുതലായി പതിഞ്ഞത്. പക്ഷേ, സംഭവഗതികൾ തിരിഞ്ഞതാണ് ഉണ്ടായത്. കൊച്ചീരാജ്യം അപ്പോഴും മിക്കവാറും സാമൂതിരിയുടെ കൈവശത്തിലായിരുന്നു. അതെങ്ങനെയും വീണ്ടെടുത്തുകൊടുക്കണമെന്നുള്ള അപേക്ഷയുമായി പാലിയത്തു കോമിയച്ചൻ തിരുവനന്തപുരത്തുവന്നു. 1761 അവസാനത്തിൽ അതിന്റെ അടിസ്ഥാനത്തിൽ കൊച്ചിയുമായി തിരുവിതാംകൂർ ഒരു സന്ധിയിൽ ഏർപ്പെട്ടു. കൊച്ചിരാജ്യത്തു നിന്നും സാമൂതിരിയെ തുരത്താനായി തിരുവിതാംകൂർ പട്ടാളത്തെ അയച്ചു കൊടുക്കണമെന്നും, പകരം കരപ്പുറത്തിന്റെമേലുള്ള സർവ്വ അവകാശങ്ങളും കൊച്ചീരാജാവ് വിട്ടുകൊടുക്കാമെന്നും, ആലങ്ങാടും പറവൂരും തിരുവിതാംകൂറിനു നൽകാമെന്നുമായിരുന്നു ആ ഉടമ്പടിയിൽ പ്രധാനമായി വ്യവസ്ഥചെയ്തിരുന്നത്. കൊച്ചിയുടെ വകയല്ലാത്ത ഏതെങ്കിലും സ്ഥലങ്ങൾ സാമൂതിരിയിൽ നിന്നും തിരുവിതാംകൂർ സൈന്യം കൈവശപ്പെടുത്തിയാൽ ആ വക സ്ഥലങ്ങൾ തിരുവിതാംകൂർ രാജ്യത്തോടു ചേർക്കുന്നതിനും കൊച്ചി സമ്മതിച്ചു.

സർവസൈന്യാധിപനായ ഡിലനായിയുടെയും അപ്പോൾ ദളവയായിരുന്ന അയ്യപ്പൻ മാർത്താണ്ഡപിള്ളയുടെയും നേതൃത്വത്തിൽ ഒരു വലിയ സൈന്യത്തെ രാമവർമ്മരാജാവ് ഉടൻതന്നെ വടക്കോട്ട് അയച്ചു. പറവൂർ എത്തിയപ്പോൾ ഡിലനായിക്ക് ഒരു തന്ത്രംതോന്നി. സൈന്യത്തെ രണ്ടായി വിഭജിച്ച് തൃശൂർ നഗരത്തെ രണ്ടു ഭാഗത്തു നിന്നും ഒരേ സമയം ആക്രമിക്കുക എന്നതായിരുന്നു ആ ബുദ്ധി. അതിൽ ഒരു വിഭാഗം മാർത്താണ്ഡപിള്ളയുടെയും മറ്റേ വിഭാഗം ഡിലനായിയുടെയും നേതൃത്വത്തിലാണ് മുമ്പോട്ടു നീങ്ങിയത്. ദളവയുടെ സൈന്യം നേരെ തൃശ്ശിവപേരൂർക്കു ചെന്നപ്പോൾ, ഡിലനായി നേരെ ചേറ്റുവാ പിടിച്ചിട്ട് വടക്കോട്ടു പോകാനാണ് പ്ലാനിട്ടത്. വാസ്തവത്തിൽ ഈ തന്ത്രത്തിൽ സാമൂതിരിസൈന്യം കുടുങ്ങിപ്പോയി. ചേറ്റുവാ, കൊടുങ്ങല്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും സാമൂതിരിയെ തോല്പിച്ച് വടക്കോട്ട് ഓടിച്ചതിനുശേഷം ഡിലനായി തൃശ്ശിവപേരൂർക്ക് തിരിച്ചു.

ആധുനികതയാകട്ടെ ഹ്യൂമനിസം, സാർവദേശീയത, കമ്മ്യൂണിസം, സോഷ്യലിസം, മതനിരപേക്ഷത തുടങ്ങിയ ബൃഹദാഖ്യാനങ്ങളെ ശിഥിലീകരിച്ചതായി അതിന്റെ വക്താക്കൾ അവകാശപ്പെടുന്നുണ്ട്. അത് ഏറെക്കുറെ ശരിയാണുതാനും. മുമ്പ് ആണും പെണ്ണും ദളിതനും സവർണ്ണനും ഹിന്ദുവും മുസ്ലീമുമൊക്കെ ചേർന്ന് നിർമ്മിച്ചതാണ് സാഹിത്യവും സംസ്കാരവും. എന്നാൽ ഇന്ന് ദളിത്സാഹിത്യം, ദളിത് സംസ്കാരം, മുസ്ലീം സംസ്കൃതി, മാപ്പിളസാഹിത്യം, മുസ്ലീം ബുദ്ധിജീവികൾ, ഹിന്ദുസംസ്കാരം, ക്രിസ്ത്യൻ സംസ്കാരം, ക്രിസ്തീയ സാഹിത്യം എന്നിങ്ങനെ പലതരത്തിലുള്ള ശകലിതാഖ്യാനങ്ങൾ വരുന്നു. ബഹുസ്വരതയുടെയും ശകലിതാഖ്യാനങ്ങളുടെയും ലോകമെന്നത് അങ്ങേയറ്റം യാഥാസ്ഥിതികമാണ്. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബൃഹദാഖ്യാന പദ്ധതി മുതലാളിത്തത്തെ നയപ്പെടുത്തുന്നു. അതു കൊണ്ട് സാംസ്കാരികമായി ഭിന്നിച്ചുപോകുന്ന ലോകവ്യവസ്ഥ സാമ്രാജ്യത്വത്തിന്റെ കടന്നുകയറ്റത്തിന് വാതിലുകൾ തുറന്നിടുകയാണ് ചെയ്യുന്നത്. മതനിരപേക്ഷശക്തികൾ പരസ്പരം പോരാടി തേർവാഴ്ചയ്ക്ക് ഇടംനൽകുന്നു. സാമ്രാജ്യത്വത്തിന് നഗ്നമായ അധിനിവേശംകൊണ്ടു ചെറുക്കാൻ കഴിയുകയില്ല. അതിന് പ്രത്യയശാസ്ത്രപരമായ സംഘടനം വേണം. അതുകൊണ്ടു സംസ്കാരവും പ്രത്യയശാസ്ത്രവും സാമ്രാജ്യത്വത്തിനും മറ്റു അധികാരവ്യവസ്ഥകൾക്കും ആവശ്യമാണ്. പ്രത്യയശാസ്ത്രംകൊണ്ടു സ്വാഭാവികമായ സ്വീകാര്യതയും സംസ്കാരം കൊണ്ടു വൈകാരികമായ സ്വീകാര്യതയും നിർമ്മിച്ചെടുക്കുകയാണ് അധിനിവേശശക്തികൾ ചെയ്യുന്നത്. അതുകൊണ്ടു സാംസ്കാരിക പ്രവർത്തനമെന്നത് പുതിയകാലഘട്ടത്തിൽ വർഗ്ഗസമരം കൂടിയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. ■

* * * * *